little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ

# മൊഴി

## ഡിജിറ്റൽ മാഗസിൻ

**ജി.എച്ച്.എസ്.കുടല്ലൂർ**

കണ്ടതും കേട്ടതും
കാണാതെ പോയതും
പറയാൻ മറന്നതും
പറയാതെ ബാക്കിവെച്ചതും
പറഞ്ഞിട്ടും കേൾക്കാതെ പോയതും
എല്ലാം എല്ലാം ചേർത്തൊരുക്കി
ഭാവനയുടെ പൊന്നിൻ നൂലിഴകളിൽ കോർത്തൊരുക്കി
നിങ്ങൾക്കായിതാ ഞങ്ങളുടെ **മൊഴി**
തീക്കനലായി തേനൊലിയായി അകതാരിൽ നിറയട്ടെയീ
**മൊഴി** കളും

പ്രത്യാശയോടെ.......................

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്. കൂടല്ലൂർ

# ആശംസകൾ

ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

പ്രധാന അധ്യാപിക

**ജി.എച്ച്.എസ്.കൂടല്ലൂർ**

# താളുകളിലൂടെ


പുസ്തകപരിചയം-കൃഷ്ണപ്രിയ-10A

എന്റെ വായന-ഫർസീൻ-9A

പഴഞ്ചൊല്ലുകൾ-സുദേവ്-6B

ചിത്രം-ആദർശ്-8B

എന്റെ വായന -അനശ്വര-7A

കവിത-രാഗേന്ദു-9A

എന്റെ യാത്ര-ആൽഫ്രഡ് വിജയ്-8B

കവിത -ഷിഫ -8A

കവിത-ഷിബില ഷെറിൻ-8B

ചിത്രം-രഹന ഷെറിൻ-8B

ആസ്വാദനം-അക്ഷര-8B


ചിത്രം-ഫാത്തിമ ഫിദ-8A

യാത്രാവിവരണം-രഹന ഷെറിൻ- 8B

വായനാക്കുറിപ്പ്-റിൻഷിദ-9A

കവിത-റിൻഷിദ-9B

## പുസ്തകപരിചയം




**അക്കർമാശി**-ശരൺകുമാർ ലിംബാളെ

ശരൺകുമാർ ലിംബാളെയുടെ ആത്മകഥോപാഖ്യാനമാണ് അക്കർമാശി.തന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന ദു:ഖങ്ങളും ദുരിതങ്ങളുമാണ് അദ്ദേഹം ഇതിൽ വിവരിക്കുന്നത്.ദളിത് സാഹിത്യകാരനാണ് ലിംബാള സ്വന്തം ജീവിതത്തെ ലോകത്തിനു മുമ്പിൽ തുറന്നു കാണിക്കാനുള്ള അയാളുടെ ശ്രമത്തെ പലരും എതിർത്തിരുന്നു.പാർശ്വവത്കരിക്കപ്പെട്ട ഒരു ജനതയുടെ ജീവിതം ലോകത്തിനു മുമ്പിൽ തുറന്നു കാണിക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചു.

മഹാരാഷ്ട്ര കർണാടക ബോർഡറിന്റെ അടുത്തായാണ് ലിംബാളെയുടെ കുടുംബം താമസിച്ചിരുന്നത്.അതിർത്തി ഗ്രാമമായതുകൊണ്ടു തന്നെ ഇവരെ കർണാടകക്കാരായോ മഹാരാഷ്ട്രക്കാരായോ പരിഗണിച്ചിരുന്നില്ല. മഹാർവാഡയിലുള്ളവരെല്ലാം തന്നെ മഹാർ ജാതിക്കാരായിരുന്നു. മാസാമായി ആയിരുന്നു ലിംബാളെയുടെ അമ്മ.ഒരു തരത്തിൽ പറഞ്ഞാൽ അവർ വേശ്യ ആയിരുന്നു.മാസാമായി യെ പാട്ടീൽ എന്ന ഗ്രാമത്തലവന്റെ നിർദ്ദേശപ്രകാരം ഭർത്താവിൽ നിന്നും അകറ്റി.പ്രതികാരമെന്നോണം അയാളുടെ കുഞ്ഞിനെ പ്രസവിക്കേണ്ടിയും വന്നു.അതുകൊണ്ടു അമ്മയ്ക്ക് അവനെ ഇഷ്ടമായിരുന്നില്ല.അക്കർമാശിയായാണ് ലിംബാളെ വളർന്നത്.അതിനാൽ അവന് സ്കൂളിൽ പോലും അഡ്മിഷൻ ലഭിച്ചിരുന്നില്ല.മാസാമായിയുടെ അമ്മ സാന്താമായിയാണ് ലിംബാളെക്ക്

ഒരമ്മയുടെ സ്നേഹവും കരുതലുംനൽകിയിരുന്നത്.മാസാമായിയുടെ മക്കളെല്ലാം ഒരേ ഉദരത്തിലാണ് പിറന്നതെങ്കിലും വെവ്വെറെ പിതാക്കളായിരുന്നു.

സാന്താമായിയോടൊപ്പം ഗ്രാമം മുഴുവൻ വൃത്തിയാക്കാൻപോകുമായിരുന്നലിംബാളെ.നഗരംമുഴുവൻവൃത്തിയാക്കിചവറുകൾ തൂക്കി നോക്കുമ്പോൾ അവയ്ക്കു പകരം ഞങ്ങളുടെ വിശപ്പാണ് തൂക്കേണ്ടത് എന്ന ഒറ്റ വാക്യം മതി അദ്ദേഹത്തിന് തങ്ങളുടെ ജീവിതം വർണിക്കാൻ.ആ ഒരു വാചകത്തിൽ വേദനയും നിസ്സഹായാവസ്ഥയും അടങ്ങിയിട്ടുണ്ട്.

എത്രയൊക്കെകഷ്ടപാടുകൾ അനുഭവിക്കേണ്ടിവന്നാലുംതോറ്റു പിൻമാറാതെ ജീവിതത്തെ പോരാടിക്കൊണ്ടു തന്നെ തോൽപ്പിക്കേണ്ടതാണ് എന്ന സന്ദേശമാണ് ഈ കഥ വായിക്കുന്നതിലൂടെ നമുക്കു നേടാനാവുക.

കൃഷ്ണപ്രിയ

10B

# എന്റെ വായന

## പുഴയുടെ ഒന്നാം അതിരിലൊരു കടവുണ്ട്



ഞാൻ എഴുതുന്നത് എന്നെ ഏറ്റവും നല്ലവനാക്കിയ ഒരു കഥയാണ്.എഴുതിയത് എന്റെ സ്വന്തം നാട്ടിലെ ഒരാൾ.സമദ് റഹ്മാൻ കൂടല്ലൂർ.ഭാരതപ്പുഴയാണ് കഥയിൽ നിറഞ്ഞുനിൽക്കുന്നത്.കൂടല്ലൂരിനെക്കുറിച്ചുംഅദ്ദേഹത്തിന്റെകുടുംബത്തെക്കുറിച്ചുമെല്ലാം ഇതിൽ പറയുന്നു.നാടോടികുട്ടികളോടുള്ള സ്നേഹവും അവർക്ക് ചോറു കൊണ്ടു പോയി കൊടുത്തതും പുഴയിൽ വീണ് മുങ്ങിമരിക്കാൻ പോയ പെൺ കുട്ടികളെ രക്ഷിക്കുന്നതുമെല്ലാം അദ്ദേഹം ഈകഥയിൽ പറയുന്നു.പുഴയുടെ ഒന്നാം അതിരിലൊരു കടവുണ്ട് എന്നാണ് ഈ പുസ്തകത്തിന്റെ പേര്.

മുഹമ്മദ് ഹർസീൻ

9B

# പഴഞ്ചൊല്ലുകൾ

മിന്നുന്നതെല്ലാം പൊന്നല്ല

അഴകുള്ള ചക്കയിൽ ചുളയില്ല

കാക്കയ്ക്കും തൻ കുഞ്ഞ് പൊൻകുഞ്ഞ്

അരിയെറിഞ്ഞാൽ ആയിരം കാക്ക

കാക്ക കുളിച്ചാൽ  കൊക്കാകുമോ

പുത്തനച്ചി പുരപ്പുറം തൂക്കും

നടുകടലിലും നായ നക്കിയേ കുടിക്കൂ

ആറ്റിൽ കളഞ്ഞാലും അളന്നേ കളയാവൂ

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

വിത്തു ഗുണം പത്ത് ഗുണം

ഗതി കെട്ടാൽ പുലി പുല്ലും തിന്നും

കാണം വിറ്റും ഓണം ഉണ്ണണം

മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കുമോ



Aash . v

VIII . B

# എന്റെ വായന



## പൂച്ചക്കു മണികെട്ടി

സത്യൻ താന്നിപ്പുഴ

സത്യൻ താന്നിപ്പുഴയുടെ പുസ്തകമാണ് പൂച്ചക്ക് മണികെട്ടി.ഇതിൽ ആകെ പത്ത് കഥകളാണ് ഉള്ളത്.തല്ലിയതുകൊണ്ടു ഫലമില്ല,ആരാണ് കുറ്റവാളി,അമളി,തൊപ്പി തലച്ചികിളികൾ,കളിയും ചിരിയും,പൂച്ചക്ക് മണികെട്ടി,അണ്ണാനും കിളിയും,മരുന്നിന്റെ ഇന്ദ്രജാലം തുടങ്ങിയവ.എനിക്ക് ഈ പുസ്തകം വളരെ ഇഷ്ടമായി.അതിൽ രസിപ്പിക്കുന്ന ഒരുപാട് കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.അതുമാത്രമല്ല വായനക്കാരെ രസിപ്പിക്കുന്ന ഭാഷയിലാണ് ഈ കൃതി.അണ്ണാനും തത്തയും എന്നകഥയാണ്എനിക്ക്ഇഷ്ടപ്പെട്ടത്.അണ്ണാന്റെയുംആനയുടെയുംസൗഹൃദത്തിൽ വന്ന വിള്ളലാണ്ഇതിൽപറയുന്നത്. "ഒരിക്കലും തനിക്ക് വേണ്ടപ്പെട്ടവരെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അത് വിശ്വസിക്കുകയല്ല വേണ്ടത് അതിൽ സത്യമുണ്ടോയെന്ന് അന്വേഷിക്കുകയാണ് വേണ്ടത്"എന്ന ഗുണപാഠവും കഥാകൃത്ത് ഇതിലൂടെ തരുന്നു.

അനശ്വര.വി.വി

7A

# ജീവിത ചുംബനം

ഓടിക്കളിക്കുന്ന പ്രായത്തിലെന്നമ്മ
തോളത്തിരുത്തി ചുംബിച്ചിരുന്നു
എങ്ങിനെന്നറിയില്ല അമ്മതൻ മാറിലായ്
ചൂടുപിടിച്ചുറങ്ങിടും ഞാൻ
അമ്മതൻ നെഞ്ചിലെ മിടിപ്പാണിന്നെന്നിലെ
ജീവിത ശ്വാസവുംലോകവുമേ
അമ്മതൻ മാധുര്യപാലിന്റെ വീര്യവും
ഈ ലോകത്തിനില്ലെന്റെ ജീവിതമേ
ഇന്നെന്റെ നാടിന്റെ നാനയിടത്തായി
വൃദ്ധ സദനം വളർന്നിടുമ്പോൾ
ഓർക്കുന്നു ഞാനാ മാതൃഹൃദയത്തിൻ
മിടിപ്പുകൾ ഇന്നെൻ ഓർമകളായ്
അമ്മതൻ നിറുകിലെ നിലവിളക്കിൽനി-
ന്നൊരു പൊരി പാറിയെൻ അരികിലെത്തി
കണ്ണീർ പൊടിഞ്ഞതും ചന്ദനത്തിരിയുടെ
ഗന്ധമായ് അമ്മയെരിഞ്ഞിടുമ്പോൾ
ജീവിതമാകവെ അമ്മതൻ നെടുവീർപ്പ്
ഹൃദയമിടിപ്പായി മാറിടുന്നു

രാഗേന്ദു
9A

## അമ്മമാരുടെ പരിശീലനപരിപാടി





# എന്റെ യാത്ര



ഞാനും അച്ഛനും അമ്മയും ഏട്ടനും കൂടിയാണ് അന്ന് യാത്ര പോയത്.തേക്കിൻകാട് മൈതാനത്തേക്കായിരുന്നു യാത്ര. ഏകദേശം എട്ട് മണിക്കാണ് യാത്രപുറപ്പെട്ടത്.അവിടെഎത്തിയപ്പോഴേക്കും പത്ത് മണി ആയിരുന്നു. പകുതി ചുറ്റിക്കറങ്ങിയപ്പോഴെക്കും ഒരു മണിയായി.ഞങ്ങൾ വീട്ടിൽ നിന്നു തന്നെ ഭക്ഷണം കൊണ്ടു പോയിരുന്നു. കഴിച്ചു തുടങ്ങിയപ്പോഴാണ് ഒരു വൃദ്ധൻ ഭക്ഷണം കഴിക്കാതെ കിടക്കുന്നത് കണ്ടത്.ഞങ്ങളുടെ ഭക്ഷണത്തിൽ നിന്ന് അയാൾക്കു വേണ്ട ഭക്ഷണം നൽകി.അയാൾ സന്തോഷത്തോടെ ഭക്ഷണം കഴിച്ചു.അതിനു ശേഷം ബാക്കിയുള്ള സ്ഥലവും കൂടി കണ്ട് ഞങ്ങൾ വീട്ടിലേക്കു മടങ്ങി.ഈ അനുഭവം എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്തതാണ്.

ആൽഫ്രഡ് വിജയ്
8B

# മലയാളം

മലയാളമാണെന്റെ മാതൃഭാഷ

മാധുര്യമുള്ളൊരു ജീവഭാഷ

അമ്മ പകർന്നൊരു സ്നേഹ ഭാഷ

ജീവന്റെ ജീവനായ് തീർന്ന ഭാഷ

കേരള നാടിന്റെ സ്വന്തം ഭാഷ

എന്റെ സ്വപ്നമാണെന്റെ ഭാഷ

കിളികൊഞ്ചലായ് നാവിൽ

വന്നെത്തും ഭാഷ

# മാതൃസ്നേഹം



അമ്മ തന്ന സ്നേഹം
മറക്കുവാനാവില്ല മാതൃഹൃദയത്തിൻ ആഴങ്ങളിൽ
അമ്മ കരുതിയ സ്നേഹം
നെൽപ്പാടം പോൽ പരന്നു കിടക്കും
അമ്മ  വൃക്ഷം പോൽ താങ്ങായി

തണലായീ ചേർന്നു നിൽക്കും
അമ്മതൻ പുഞ്ചിരി പവിഴ മുത്ത്

ഷിബില ഷെറിൻ


Rahana Shesin - CP 8 B

# മാമ്പഴം




വൈലോപ്പിള്ളി ശ്രീധരമേനോൻ 1936 ൽ എഴുതിയ കവിതയാണ് മാമ്പഴം.വൈലോപ്പിള്ളി കവിതകളിൽ ഏറ്റവും പ്രസിദ്ധമായ കൃതിയാണ് മാമ്പഴം.മാമ്പഴക്കാലമെത്തുമ്പോൾ ഒരമ്മ തന്റെ മകനെക്കുറിച്ച് ഓർക്കുന്ന രംഗമാണിത്.കുഞ്ഞിനെ നഷ്ടപ്പെട്ട ഒരമ്മയുടെ വേദന ഈ കവിത വായിച്ച ആരുടെയും നെഞ്ചിനെയും മുറിവേൽപ്പിക്കും.നാലുമാസം മുമ്പ് തന്റെ മകൻ പൂങ്കുല എറിഞ്ഞുടച്ച് അമ്മക്കു സമീപം എത്തിയപ്പോൾഅമ്മ അവനെ വഴക്കു പറയുന്നു.അമ്മയുടെ വാക്കുകൾ ആ പിഞ്ചു മകന്റെ കണ്ണുകൾ സമുദ്രമാക്കി തീർത്തു.മാമ്പഴം വീഴുമ്പോൾ എനിക്കു വേണ്ട അതെടുക്കാൻ ഞാൻ വരിന്നില്ല എന്നു പറഞ്ഞവൻ മാമ്പഴക്കാലമെത്തും മുമ്പെ  മരണപ്പെടുന്നു. ആദ്യമായി വീണ മാമ്പഴം എടുത്ത് അമ്മ തീരാനോവുമായി മകന്റെ ശവകുടീരത്തിൽ നിറകണ്ണുകളുമായി  സമർപ്പിക്കുന്നു.ഈ സമയത്ത് മകന്റെ പ്രാണൻ ഒരു കാറ്റായി വന്ന് അമ്മയെ തഴുകി പോകുന്നതോടെ കവിത അവസാനിക്കുന്നു.മാതൃദു:ഖമാണ് ഇതിലെ ഓരോ വരികളിലും തെളിയുന്നത്.

അക്ഷര.സി.പി

*8B*


Fathima Fidha .T.k

# യാത്രാവിവരണം



ഞാൻ പോയതിൽ വെച്ച് എനിക്കേറ്റവും ഇഷ്ടപ്പെട്ട സ്ഥലമാണ് മൂന്നാർ.ഞങ്ങൾ കൂടല്ലൂരിൽ എത്തിയിട്ട് ആദ്യമായി വിനോദയാത്രപോകുകയാണ്.അതും ഞാൻ ഒരുപാട് കാലമായി ആഗ്രഹിക്കുന്ന മൂന്നാറിലേക്ക്.ചെറുപ്പം തൊട്ടേ എനിക്ക് തണുപ്പ് വളരെ ഇഷ്ടമാണ്.ഇടുക്കിയെക്കുറിച്ചും അവിടുത്തെ പച്ചപ്പാർന്ന പ്രകൃതിയെക്കുറിച്ചും കിനാക്കളിൽ കൊണ്ടു നടക്കാൻ തുടങ്ങിയിട്ട്നാളെറേയായി. ടൂർ അങ്ങോട്ടാണെന്നറിഞ്ഞപ്പോൾ തൊട്ട് ഞാൻ നിലത്തൊന്നുമല്ലായിരുന്നു.ഒടുവിൽ ആ ദിനം വന്നെത്തി.

രാവിലെ അഞ്ചുമണിക്കു തന്നെ ഞാനും എന്റെ കൂട്ടുകാരും സ്കൂളിലെത്തി.   പോകുന്ന സ്ഥലങ്ങളെക്കുറിച്ച് നേരത്തെ ഒരു വിവരണം ഞങ്ങൾക്കു കിട്ടിയിരുന്നു.ഞാനും എന്റെ കൂട്ടുകാരും ഒരേ സീറ്റിലാണ് ഇരുന്നത്. എന്തായാലും ബസ് നീങ്ങിതുടങ്ങി.ഞങ്ങളുടെ സ്കൂളിനെയും കൂടല്ലൂർ ഗ്രാമത്തെയും പിന്നിലാക്കി നിനവുകളെയും കൊണ്ട് ബസ്സ് നീങ്ങി തുടങ്ങി.ബസ്സിലെ പാട്ടിനൊത്ത് ഞങ്ങൾ ഡാൻസ് ചെയ്തു.അങ്ങനെ അടിച്ചു പൊളിച്ചാണ് ഞങ്ങൾ ഇടുക്കിയിലെത്തിയത്.അടിമാലിയിലെ ഒരു ഹോട്ടലിൽ നിന്നാണ് ഞങ്ങൾ  ഭക്ഷണം കഴിച്ചത്

മൂന്നാറിലേക്കടുക്കുന്തോറും തണുപ്പ് ഞങ്ങളെ പിടികൂടാൻതുടങ്ങി.പോകുന്ന വഴിക്ക് ഞങ്ങൾ വെള്ളയുടുപ്പിട്ട ഒരുപാട് വെള്ളച്ചാട്ടങ്ങളെ കണ്ടു.പിന്നീട് ഞങ്ങൾ കണ്ടത് ഫ്ളവർ ഷോ ആണ്.അതിൽ എന്നെ ആകർഷിച്ചത് ഷൂ എന്ന പൂവാണ്.വളരെ ചെറിയ മഞ്ഞയിൽചുവന്ന വരയുള്ള പൂ.കണ്ടാൽ ഷൂ എന്നെ തോന്നു.പിന്നെ

പോയത് എക്കോ പോയന്റിലേക്കാണ്.പോകും വഴി പച്ച വിരിച്ച തേയില തോട്ടങ്ങൾ കണ്ടു.പിന്നീട് കണ്ടത് ഹിൽ സ്റ്റേഷനാണ്.മഞ്ഞ് മൂടികിടക്കുന്ന അവിടെ മുമ്പിൽ പോയവരെ ഒന്നും കാണാൻ കഴിയാത്ത അവസ്ഥ.സംസാരിക്കുമ്പോൾ വായിൽ നിന്ന് പുക വന്നത് ഞങ്ങളെ അൽഭുതപ്പെടുത്തി.കുണ്ടറ ഡാമിലാണ് പിന്നീട് പോയത്.

മനോഹരമായ കാഴ്ചകൾ കണ്ട് പ്രകൃതി ഭംഗിയും ആസ്വദിച്ച് ഞങ്ങൾ മടക്കയാത്ര തുടങ്ങി.എല്ലാവരും ഉറക്കം തുടങ്ങിയിരുന്നു.  കണ്ണു തുറന്നത് സ്കൂളിലെത്തിയാണ് വീട്ടിലെത്തി ഫോട്ടോസ് കാണിച്ച് ഞാൻ പറഞ്ഞു."കണ്ടോ ഇത് മൂന്നാറിലെത്തി ഞാൻ എടുത്ത ഫോട്ടോസ്  ആണ് കാണാൻ എന്ത് ഭംഗിയായിരുന്നെന്നോ"

രഹന ഷെറിൻ

8B



Sooraj 8.B

# എന്റെ വായന

കാക്കനാടന്റ ഇതര സമാഹാരങ്ങളിൽ ഇടം പിടിക്കാത്ത കഥകളാണ് കൊച്ചു വീട്ടിൽ രാമൻ പത്രോസ് എന്ന കഥാസമാഹാരം.അധകൃതനായി ജനിച്ച് ദാരിദ്ര്യവും അവശതയും സഹിച്ച് വളർന്ന കണ്ണൻ സുവിശേഷകനായും പത്രോസിന്റെ മനുഷ്യാവതാരമായും കൊണ്ടാടപ്പെടുന്നതും ചാക്കോച്ചന്റെ മകൾ അന്നക്കുട്ടിയുമായി ബന്ധപ്പെട്ട ഒരു പോലീസ് കേസിൽ പത്രോസിന്റെ പൂർവ വൃത്താന്തം അനാവൃതമാകുന്നതുമാണ് കൊച്ചു വീട്ടിൽ രാമൻ പത്രോസ് .അധകൃത യുവാവിന്റെ ധാർമികച്യുതിയെക്കുറിച്ച് ഒരു ഗുണപാഠ കഥയെഴുതുകയായിരുന്നില്ല കാക്കനാടൻ. പറഞ്ഞതിലേറേ പറയാതെധ്വനിപ്പിക്കുകയാണ്ഈ കഥയുടെ രചനാ കൗശലം.

*നിസംഗമെന്നു തോന്നുന്ന കറുത്ത ചിരിയാണ് പ്രവാചകന്റെ ഗണത്തിൽ പെടുത്താവുന്ന കൊച്ചു വീട്ടിൽ രാമൻ പത്രോസ്.കുട്ടായിയുടെ മരണത്തിലും ഈകറുത്ത ചിരിയുണ്ട്.*

*റിൻഷിദ*

# അമ്മൂമ്മ

കഥ കഥ പറയും  അമ്മൂമ്മ

ഓടിനടക്കുംഅമ്മൂമ്മ

നിറ നിറ പാട്ടും അമ്മൂമ്മ

ചീത്ത പറയും അമ്മൂമ്മ

ഇണങ്ങിക്കൂട്ടുംഅമ്മൂമ്മ

സുന്ദരിയാണെൻഅമ്മൂമ്മ

വിസ്മയ.പി

8B

# കൂടല്ലൂരിന്റെ സ്വന്തം കഥാകാരൻ




# കഥയുടെ രാജശിൽപ്പിക്ക് ജന്മനാടിന്റെ ആദരം

**സി കെ ഉണ്ണികൃഷ്ണൻ**

**കൂറ്റനാട്**

കാലവും നാലുകെട്ടും പിറന്ന നാട്ടിൽ, അപ്പുണ്ണിയും ഗോവിന്ദൻകുട്ടിയും സേതുവും മുത്താച്ചിയും നടന്നുനീങ്ങിയ താന്നിക്കുന്നിന്റെ ഇടവഴികളിൽ കൈനാറി പൂവിന്റെ മണം തേടി കൂടല്ലൂർ ഗ്രാമം ഒരിക്കൽക്കൂടി ഒത്തുചേർന്നു. കണ്ണാന്തളിയും നീലത്താമരയും വിരിയുന്ന നിളാതീരത്ത് വീണ്ടുമെത്തിയ ദേശോത്സവം മലയാളത്തിന്റെ കഥാകാരനോടുള്ള നാട്ടുകാരുടെ സ്നേഹവായ്പായി മാറി.




കൂടല്ലൂർ ഹൈസ്കൂളിൽ നടന്ന 'ഹൃദയപൂർവം എംടിക്ക്' പരിപാടിയിൽ പങ്കെടുക്കാനെത്തിയ എംടിയെ വേദിയിലേക്ക് ആനയിക്കുന്നു

കൂടല്ലൂർ ഗ്രാമത്തെ വിശ്വസാഹിത്യഭൂപടത്തിൽ അടയാളപ്പെടുത്തിയ കഥയുടെ രാജശിൽപ്പി എം ടി വാസുദേവൻനായർക്ക് ജന്മനാടിന്റെ ഹൃദ്യ സ്വീകരണം. ഞായറാഴ്ച രാവിലെ പത്തോടെയാണ് എം ടി കൂടല്ലൂരിലെ സ്വന്തം വീടായ 'അശ്വതി'യിൽ എത്തിയത്. പിന്നീട്, സഹോദരിയുടെ മകളായ എം ടി ഗീതയുടെ വീട്ടിലാണ് തങ്ങിയത്. മലയാളത്തിന്റെ കഥാകാരനെ കാണാൻ നിരവധിയാളുകൾ എത്തി.

കൂടല്ലൂർ പെരുമ ദേശാന്തരങ്ങളിലെത്തിച്ച രണ്ടുമഹാപ്രതിഭകളുടെ സംഗമത്തിനാണ് ജന്മനാട് സാക്ഷിയായത്. എംടിയും ചിത്രകാരൻ അച്യുതൻ കൂടല്ലൂരുമാണ് നാടിന്റെ സ്നേഹലാളനകൾ ഏറ്റുവാങ്ങിയത്. കൂടല്ലൂരിലെ നവമാധ്യമ കൂട്ടായ്മയായ 'കൂര്യായിക്കൂട്ടം' ഒരുക്കിയ എംടിയെ ആദരിക്കൽ ചടങ്ങ് 'ഹൃദയപൂർവം എംടിക്ക്' സാംസ്കാരികവേദി സാഹിത്യ സാംസ്കാരിക രംഗത്തെ പ്രമുഖരുടെ സാന്നിധ്യത്താൽ ശ്രദ്ധേയമായി. ശനിയാഴ്ച രാവിലെ എം ടി വാസുദേവൻനായരുടെ 'നാലുകെട്ടി'ന്റെ പശ്ചാത്തലത്തിൽ കൂടല്ലൂരും പരിസരങ്ങളിലുമായി മനോജ് ഡി വൈക്കം പകർത്തിയ ചിത്രങ്ങളുടെ പ്രദർശനം ആർട്ടിസ്റ്റ് നമ്പൂതിരി ഉദ്ഘാടനം ചെയ്തതോടെയാണ് സാംസ്കാരികോത്സവത്തിന് തുടക്കമായത്.

**കൂടല്ലൂർ പെരുമ ദേശാന്തരങ്ങളിലെത്തിച്ച രണ്ടുമഹാപ്രതിഭകളുടെ സംഗമത്തിനാണ് ജന്മനാട് സാക്ഷിയായത്. എംടിയും ചിത്രകാരൻ അച്യുതൻ കൂടല്ലൂരും**

ഞായറാഴ്ച രാവിലെ കവിയരങ്ങ് കവി പി കെ ഗോപി ഉദ്ഘാടനം ചെയ്തു. പി പി രാമചന്ദ്രൻ അധ്യക്ഷനായി. ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, ഇ എം സുജ, ഒ എം കരുവാരക്കുണ്ട്, ഡോ. സജീവ് കുമാർ, ജയചന്ദ്രൻ പൂക്കരത്തറ, ഹരി ആനന്ദകുമാർ, ദീപ കരുവാട്ട്, എം പ്രശാന്ത് എന്നിവർ പങ്കെടുത്തു. അർഷാദ് എം വി കൂടല്ലൂർ രചിച്ച 'കിനാക്കളുടെ വേട്ടക്കാരൻ' പി കെ ഗോപി എം ടി രവീന്ദ്രന് നൽകി പ്രകാശനം ചെയ്തു. പി പി ലത്തീഫ് സ്വാഗതവും സി കെ സൈനുദീൻ നന്ദിയും പറഞ്ഞു.

'നാലുകെട്ടും മലയാളസാഹിത്യവും' വിഷയത്തിലെ സംവാദം ടി ഡി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അശോകൻ ചരുവിൽ അധ്യക്ഷനായി. വി ആർ സുധീഷ് വിഷയാവതരണം നടത്തി. ഡോ. കെ പി സുധീര, ഡോ. സി പി ചിത്രഭാനു, അഷ്ടമൂർത്തി എന്നിവർ സംസാരിച്ചു. പി പി ഇസ്മയിൽ സ്വാഗതവും വി വി വിശ്വംഭരൻ നന്ദിയും പറഞ്ഞു.

സാംസ്കാരിക സമ്മേളനം എം ടി വാസുദേവൻ നായർ ഉദ്ഘാടനം ചെയ്തു.


ആലങ്കോട് ലീലാകൃഷ്ണൻ അധ്യക്ഷനായി. സി രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. സിനിമാ സംവിധായകൻ ഹരിഹരൻ വിശിഷ്ടാതിഥിയായി. സി പി സെയ്തലവി പ്രഭാഷണം നടത്തി.

പി യൂസഫ് ഹാജി എംടിയെ പൊന്നാട അണിയിച്ചു. ഡോ. പി കെ കെ ഹുറൈർകുട്ടി ഉപഹാരം സമർപ്പിച്ചു. പി കെ മുഹമ്മദുണ്ണി ഹരിഹരനെ പൊന്നാട അണിയിച്ചു. മനോജ് ഡി വൈക്കത്തിന് എം ടി വാസുദേവൻ നായർ ഉപഹാരം നൽകി.

പി മമ്മിക്കുട്ടി, പി എം അസീസ് എന്നിവർ സംസാരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സിന്ധു രവീന്ദ്രകുമാർ, സംസ്ഥാന ലൈബ്രറി കൗൺസിലംഗം എം കെ പ്രദീപ്, അച്യുതൻ കൂടല്ലൂർ, പി ബാലകൃഷ്ണൻ, എം ടി ഗീത, പി ചന്ദ്രൻ, ഹാരിഫ് നാലകത്ത്, ശകുന്തള, എം ടി രാമകൃഷ്ണൻ, സി അബ്ദു, ജലീൽ പൊന്നേരി എന്നിവർ പങ്കെടുത്തു.

സ്വാഗതസംഘം ചെയർമാൻ ഹമീദ് തത്താത്ത് സ്വാഗതവും കെ അബ്ദുൽ സലീം നന്ദിയും പറഞ്ഞു.






# മൊഴി

*അന്യ ജീവനുതകി സ്വ ജീവിതം*
*ധന്യമാക്കുമമലേ വിവേകികൾ*



# *നന്ദി .............*

***ഒരായിരം നന്ദി.***

***ലിറ്റിൽ കൈറ്റ്സ് ക്ലബ്***
***ജി.എച്ച്.എസ്.കൂടല്ലൂർ***